⇨ *റോഡ് വികസനത്തിന്റെ അതിവേഗതയ്ക്ക് സഡൻബ്രേക്കിടേണ്ടി വന്നിരിക്കുന്നു* ⇨

# കീഴാറ്റൂരിലെ പാടങ്ങൾ കേരളത്തിന് നൽകുന്ന പാഠങ്ങൾ

ദേശീയപാതയിലെ ഗതാഗതക്കുരുക്കഴിക്കാനുള്ള ബൈപാസ് എന്ന 'പൊതു ആവശ്യ'ത്തിനായി നികത്തപ്പെടേണ്ടതല്ല ഒരു നാടിനെ ഭക്ഷ്യ–ജല ദാരിദ്ര്യമില്ലാതെ സംരക്ഷിച്ചു നിർത്തുന്ന വയലുകൾ എന്ന കീഴാറ്റുകാരുടെ ബോധ്യത്തെ ബല പ്രയോഗത്താൽ മറികടക്കാനുള്ള ശ്രമം ഭരണ–രാഷ്ട്രീയ നേതൃത്വം ആവർത്തിക്കുകയാണ്.

**കേരളീയം വാർത്താശൃംഖല**

**വാഹനങ്ങൾ** പെരുകുന്നതിനനുസരിച്ച് പാതകൾ പെരുകണമെന്ന വികസനയുക്തിയാണ് മലയാളികളുടെ സഞ്ചാരങ്ങളെ ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്നത്. പുതിയ വഴിവെട്ടിയോ വഴിയുടെ വീതികൂട്ടിയോ ഗതാഗതക്കുരുക്കുകളെ അഴിച്ചെടുക്കാനുള്ള ശ്രമങ്ങൾക്ക് വികസനാസൂത്രണത്തിൽ ഇന്ന് ഏറെ പ്രാമുഖ്യം ലഭിക്കുന്നുണ്ട്. കേരളം അതിന് താങ്ങാൻ കഴിയുന്ന പരിധിയും കടന്ന് വാഹനങ്ങൾക്ക് പാതയൊരുക്കാൻ പണിപ്പെടുന്നു. കേരളത്തിന്റെ സങ്കീർണ്ണമായ പാരിസ്ഥിതിക സവിശേഷതകളും ഭൂവിസ്തൃതിയും ഉയർന്ന ജനസാന്ദ്രതയുമെല്ലാം മതിയായ നഷ്ടപരിഹാരം നൽകി മറികടക്കാം എന്ന സാമ്പത്തികചിന്തയും പ്രബലമായതോടെ  റോഡ് വികസനത്തിന് റെഡ് സിഗ്നലുകളേ ഇല്ലാതായിരിക്കുന്നു. ആഢംബര ശകടങ്ങൾക്കുള്ള രാജപാതകൾ അങ്ങനെ കുന്നും മലയും കിടപ്പാടങ്ങളും ഇടിച്ചുനിരത്തി അനുസ്യൂതം നീങ്ങവെയാണ് ശക്തമായ ഒരു ചുവപ്പ് സിഗ്നൽ, അതും ചുവപ്പിന്റെ ആധിപത്യമുള്ള ഒരു നാട്ടിൽ നിന്നു തന്നെ ഈ റോഡ് റോളറിന്റെ വഴി തടഞ്ഞിരിക്കുന്നത്. അതെ, കണ്ണൂർ ജില്ലയിലെ കീഴാറ്റൂരിൽ നിന്നുയർന്നുവന്ന ജനകീയ സമരത്തിന്റെ ചെങ്കൊടികൾക്ക് മുന്നിൽ റോഡ് വികസനത്തിന്റെ അതിവേഗതയ്ക്ക് സഡൻബ്രേക്കിടേണ്ടി വന്നിരിക്കുന്നു. വയലുനികത്തി പാതപണിയാൻ അനുവദിക്കില്ലെന്ന 'വയൽക്കിളികളുടെ' ഉറച്ച ശബ്ദം മണ്ണിൽത്തൊട്ട് നിൽക്കുന്ന മനുഷ്യരുടെ അഗാധമായ പ്രകൃതിബോധത്താൽ സമ്പുഷ്ടമാക്കപ്പെട്ട സമരമായി മാറുകയാണ്.

ദേശീയപാതയിലെ ഗതാഗതക്കുരുക്കഴിക്കാനുള്ള ബൈപാസ് എന്ന 'പൊതു ആവശ്യ'ത്തിനായി നികത്തപ്പെടേണ്ടതല്ല ഒരു നാടിനെ ഭക്ഷ്യ-ജല ദാരിദ്ര്യമില്ലാതെ സംരക്ഷിച്ചു നിർത്തുന്ന വയലുകൾ എന്ന കീഴാറ്റുകാരുടെ ബോധ്യത്തെ ബലപ്രയോഗത്താൽ മറികടക്കാനുള്ള ശ്രമമാണ് ഭരണ-രാഷ്ട്രീയ നേതൃത്വം ഇവിടെയും ആവർത്തിക്കുന്നത്. സി.പി.എം ഭരണപക്ഷത്തും സമരം ചെയ്യുന്നവർ പാർട്ടിക്ക് അടിത്തറയുള്ള ഒരു ഗ്രാമത്തിലെ പാർട്ടി പ്രവർത്തകരും അനുഭാവികളും എന്ന സ്ഥിതി കീഴാറ്റൂരിനെ കൂടുതൽ സംഘർഷഭരിതമാക്കുകയാണ്. അച്ചടക്കനടപടികളുടെ കാര്യത്തിൽ നല്ല അച്ചടക്കമുള്ള പാർട്ടി 11 പാർട്ടി പ്രവർത്തകരെ വയൽ സംരക്ഷണ സമരം നടത്തിയതിന്റെ പേരിൽ പുറത്താക്കി പ്രതികാര നടപടികൾ തുട

ങ്ങി. അതുകൊണ്ടൊന്നും തളരുന്നില്ല എന്നു കണ്ടപ്പോൾ ഭരണഹുങ്കിൽ പോലീസിനെ കാവൽ നിർത്തി വയൽക്കിളികളുടെ ചെങ്കൊടികൾ പാറുന്ന പന്തൽ കത്തിക്കാൻ വരെ സഖാക്കൾ മുന്നിട്ടിറങ്ങി. അതും ഒരു മാർച്ച് 14, നന്ദിഗ്രാമിൽ വയലുസംരക്ഷിക്കാൻ സമരം ചെയ്ത കർഷകർക്കുനേരെ ബംഗാളിലെ സി.പി.എം സർക്കാർ വെടിയുതിർത്ത അതേ ദിവസം. തീരുന്നില്ല, കീഴാറ്റൂരിന് കേരളത്തിന്റെ പിന്തുണ കിട്ടുന്നുണ്ടെന്നതിൽ പ്രകോപിതരായ പാർട്ടി-ഭരണ നേതൃത്വം റോഡ് വികസനത്തിന്റെ പ്രശ്നത്തേക്കാളുപരി ഒരു രാഷ്ട്രീയ വൈരാഗ്യത്തിന്റെ വിഷയമായി ഈ സമരത്തെ മാറ്റിയിരിക്കുന്നു. അതോടെ കുടിലതന്ത്രങ്ങളും കുപ്രചരണങ്ങളും സമരത്തിന് മേൽ വട്ടമിട്ടു പറക്കാൻ തുടങ്ങി. വയൽ സംരക്ഷിക്കുക എന്നാൽ നെല്ലും മണ്ണും വെള്ളവും സംരക്ഷിക്കുകയാണെന്ന കീഴാറ്റൂരുകാരുടെ സത്യസന്ധമായ സമര മുദ്രാവാക്യത്തിന് മുന്നിൽ സി.പി.എമ്മിന്റെ ധാർഷ്ട്യങ്ങൾ പരാജയപ്പെടുമെന്ന സൂചനയാണ് ആ വയലുകളിൽ നിന്നും ഇപ്പോൾ ഉയരുന്നത്. അതുകൊണ്ടുതന്നെ കീഴാറ്റൂരിലെ ജനങ്ങൾ തുറന്നിട്ട പാരിസ്ഥിതിക സംവാദങ്ങൾക്ക് കേരളം ചെവികൊടുക്കേണ്ടതുണ്ട്. എന്താണ് ആ സംവാദത്തിന്റെ കാതൽ?

റോഡുവികസനം കേരളത്തിൽ ഇന്ന് ഒരു സജീവ ചർച്ചാ വിഷയമാണ്. അത്ര രൂക്ഷമാണ് കേരളത്തിലെ ഗതാഗതപ്പെരുപ്പവും അതുകാരണമുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും. കേരളത്തിലെ പ്രധാന ദേശീയപാതകളും സംസ്ഥാനപാതകളുമെല്ലാം വാഹനങ്ങളുടെ പെരുപ്പത്താൽ വീർപ്പുമുട്ടുകയാണ്. നിലവിലുള്ള റോഡിന്റെ വീതി കൂട്ടിയും ബൈപാസുകൾ നിർമ്മിച്ചുമാണ് ഇപ്പോൾ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നത്. എന്നാൽ കേരളത്തിന്റെ ജനസാന്ദ്രതയും ഭൂവിസ്തൃതിയുടെ കുറവും ഇതിൽ എപ്പോഴും ഒരു തടസ്സമായിത്തീരുന്നു. ദേശീയപാതകൾ 45 മീറ്ററിൽ വികസിപ്പിക്കുക എന്ന സർക്കാർ നയത്തിനെതിരെ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ ആഭിമുഖ്യത്തിൽ വർഷങ്ങളായി സംസ്ഥാനത്തുടനീളം സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കിടപ്പാടം നഷ്ടപ്പെട്ടിട്ടും മാന്യമായ നഷ്ടപരിഹാരമോ പുനരധിവാസമോ ലഭിക്കാത്തവർ നിരവധിയുണ്ട്. എത്ര നഷ്ടപരിഹാരം നൽകിയാലും ബി.ഒ.ടി മാതൃകയിൽ പണിയുന്ന ചുങ്കപ്പാതയ്ക്ക് സ്ഥലം വിട്ടുകൊടുക്കില്ല എന്ന രാഷ്ട്രീയ നിലപാടെടുത്തിരിക്കുന്നവരും കേരളത്തിൽ അനേകമുണ്ട്. ബൈപ്പാസുകൾക്കായുള്ള സ്ഥലമെടുപ്പുകളും പലയിടങ്ങളിലും സംഘർഷത്തിൽ കലാശിക്കുന്നു. ഈ ജനകീയ പ്രതിഷേധങ്ങളുടെ പട്ടികയിൽ സമരാവേശവും പാരിസ്ഥിതിക വിവേകവും കൊണ്ട് ശ്രദ്ധേയമായിരിക്കുകയാണ് കീഴാറ്റൂർ സമരം. കീഴാറ്റൂരിലെ പ്രശ്നവും ബൈപ്പാസാണ്. എന്നാൽ സമരപ്രവർത്തകരെ സംബന്ധിച്ച് അത് ഭക്ഷ്യസുരക്ഷയുടെയും ജലലഭ്യതയുടെയും പ്രശ്നമാണ്. അതിവേഗത എന്ന നഗരാവശ്യവും അതിജീവനം എന്ന ഗ്രാമാവശ്യവും തമ്മിലുള്ള സംഘർഷമായി കീഴാറ്റൂർ പ്രശ്നത്തെ മനസ്സിലാക്കേണ്ടതുണ്ട്. കമ്പോളത്തിന്റെ വളർച്ചയുടെയും പൊങ്ങച്ച മൂല്യത്തിന്റെയും ഫലമായി വാഹനങ്ങൾ ക്രമാതീതമായി കൂടുന്നതിന് നിയന്ത്രണമില്ലാ



കീഴാറ്റൂരിലെ സമരപന്തൽ സി.പി.എം പ്രവർത്തകർ കത്തിച്ചപ്പോൾ

തിരിക്കുകയും ഈ വാഹന ബാഹുല്യത്തിന് ഇടമൊരുക്കാൻ എപ്പോഴും വയലുകൾ നികത്തപ്പെടുകയും ചെയ്യുന്ന നടപ്പുരീതിയെയാണ് കീഴാറ്റൂർ സമരം ചോദ്യം ചെയ്യുന്നത്. റോഡ് വികസനം ഒരു പൊതു ആവശ്യവും നാടിന്റെ വികസത്തിന് അനിവാര്യവുമാണെന്ന് വിലയിരുത്തപ്പെടുമ്പോഴും നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തപ്പെടുന്നത് എന്തുകൊണ്ട് ഒരു പൊതു പ്രശ്നമായി പരിഗണിക്കപ്പെടുന്നില്ല എന്ന മൗലികമായ ചോദ്യമാണ് കീഴാറ്റൂരിൽ ഉയരുന്നത്. ഭക്ഷ്യസുരക്ഷ പ്രദാനം ചെയ്യുകയും ഭൗമജലവിതാനം ഉയർത്തുകയും ഭൂഗർഭജലശേഖരം വർദ്ധിപ്പിക്കുകയും ജൈവവൈവിദ്ധ്യത്തെ നിലനിർത്തുകയും ചെയ്യുന്ന വയലുകളുടെ പാരിസ്ഥിതിക പ്രാധാന്യം ഗതാഗതം സുഗമമാക്കുക എന്ന വികസനാവശ്യത്തേക്കാൾ എത്രയോ ഉന്നതമാണെന്ന് കീഴാറ്റൂർ ചിന്തിപ്പിക്കുന്നു. ജലക്ഷാമത്തിന്റെയും ഭക്ഷ്യപരാശ്രിതത്വത്തിന്റെയും പരകോടിയിൽ നിൽക്കുന്ന കർഷകർ പറയുന്നത്. ഭൂമി നഷ്ടപ്പെടുന്ന ഉടമസ്ഥരുടെ പ്രശ്നമായിരുന്നില്ല വയൽക്കിളികൾ ഒരിക്കലും ഉന്നയിച്ചത്. അതുകൊണ്ടാണ് നഷ്ടപരിഹാര തുക എന്നത് കീഴാറ്റൂരിൽ ഒരു പ്രശ്നപരിഹാരമായി മാറാത്തത്. നെൽവയലുകളുടെ പാരിസ്ഥിതിക മൂല്യത്തിന് വിലയിടുകയാണെങ്കിൽ പോലും ആ പണം ഞങ്ങൾക്ക് വേണ്ട എന്നതിൽ വയൽക്കിളികൾ ഉറച്ചു നിൽക്കുന്നു. 'കുടിവെള്ളത്തിന് ക്യൂ നിൽക്കാൻ കീഴാറ്റൂരിന് കഴിയില്ല' എന്നായിരുന്നു അവർ മുദ്രാവാക്യം വിളിച്ചത്. ഒരു തദ്ദേശീയ സമൂഹം തങ്ങളുടെ പ്രാദേശികമായ പൊതുവിഭവങ്ങൾ എങ്ങനെയാണ് വിനിയോഗിക്കപ്പെടേണ്ടത് എന്ന് നിശ്ചയിക്കുകയാണ് ഇവിടെ സംഭവിക്കുന്നത്. തലമുറകളായി ഉപയോഗിക്കുകയും അതുവഴി സംരക്ഷിക്കുകയും ചെയ്യുന്ന വിഭവങ്ങൾ തദ്ദേശീയരുടെ താത്പര്യങ്ങളും അവകാശങ്ങളും പരിഗണിക്കാതെ മറ്റൊരു വികസനാവശ്യത്തിനായി നശിപ്പിക്കപ്പെടുന്നതിന്റെ രാഷ്ട്രീയമാണ് കീഴാറ്റൂരിലെ ഒരു പ്രധാനവിഷയം. തദ്ദേശീയ സമൂഹത്തിന്റെ ഈ വിഭവാധികാര രാഷ്ട്രീയമാണ് ഇപ്പോൾ ലോകത്തെങ്ങും നടക്കുന്ന പരിസ്ഥിതി സംരക്ഷണ സമരങ്ങളുടെ അടിത്തറ എന്നത് കീഴാറ്റൂർ സമരത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഒരു നാട്ടിലെ വിഭവങ്ങൾ ഏത് ആവശ്യത്തിന്, എങ്ങനെ വിനിയോഗിക്കപ്പെടണം എന്ന് തീരുമാനിക്കുന്നതിൽ തദ്ദേശീയ സമൂഹത്തിന് അധികാരമില്ലാത്ത സ്ഥിതി നമ്മുടെ ജനാധിപത്യത്തിന്റെ ആന്തരികമായ വൈരുദ്ധ്യം വീണ്ടും തുറന്നുകാണിക്കുന്നു. അധികാര വികേന്ദ്രീകരണം ഭരണഘടനാപരമായി യാഥാർത്ഥ്യമാക്കപ്പെട്ട ഒരു നാട്ടിൽ, റോഡ് ഏതുവഴി പോകണമെന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ടെന്നും നിങ്ങൾ ഒഴിഞ്ഞുതന്നാൽ മതിയെന്നും പറയുന്ന സർക്കാർ സംവിധാനമാണ് ഇപ്പോഴും പ്രബലമായി നിൽക്കുന്നത് എന്നതാണ് കീഴാറ്റൂരിലും കാണാൻ കഴിയുന്നത്. ജനങ്ങൾ നാളുകളായി സമരം ചെയ്തിട്ടും ആ ആവശ്യങ്ങൾ പരിഗണിക്കാൻ കഴിയാത്തതരത്തിൽ അനേകം താത്പര്യങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ഒന്നായി വികസനം മാറിയിരിക്കുന്നു. കുടിവെള്ളത്തേക്കാൾ വലിയ 'പൊതു ആവശ്യ'മായി ആറുവരി പാതകൾ പരിഗണിക്കപ്പെടുന്ന ഒരു നാട്ടിൽ വയലിന് കാവൽ നിന്ന് സമരം ചെയ്യുക എന്നല്ലാതെ മറ്റ് മാർ

ഭൂമി നഷ്ടപ്പെടുന്ന ഉടമസ്ഥരുടെ പ്രശ്നമായിരുന്നില്ല വയൽക്കിളികൾ ഒരിക്കലും ഉന്നയിച്ചത്. അതുകൊണ്ടാണ് നഷ്ടപരിഹാര തുക എന്നത് കീഴാറ്റൂരിൽ ഒരു പ്രശ്നപരിഹാരമായി മാറാത്തത്. നെൽവയലുകളുടെ പാരിസ്ഥിതിക മൂല്യത്തിന് വിലയിടുകയാണെങ്കിൽ പോലും ആ പണം ഞങ്ങൾക്ക് വേണ്ട എന്നതിൽ വയൽക്കിളികൾ ഉറച്ചുനിൽക്കുന്നു. 'കുടിവെള്ളത്തിന് ക്യൂ നിൽക്കാൻ കീഴാറ്റൂരിന് കഴിയില്ല' എന്നായിരുന്നു അവർ മുദ്രാവാക്യം വിളിച്ചത്.

കേരളം ഈ ചിന്തയെ ഉറപ്പായും ഏറ്റെടുക്കേണ്ടതുണ്ട്. കീഴാറ്റൂരിലെ സമരപ്രവർത്തകർ ആ അവബോധത്തിൽ തന്നെയാണ് ഉറച്ചുനിൽക്കുന്നത്. മതിയായ വില നൽകിയാൽ വയൽ വിട്ടുതരാം എന്നല്ല അവർ പറയുന്നത്. തളിപ്പറമ്പ് നഗരസഭയിൽ ആകെ അവശേഷിക്കുന്ന ഈ പാടശേഖരം നികത്താൻ ഒരിക്കലും അനുവദിക്കില്ല എന്നുതന്നെയാണ് അവർ ഉറപ്പിച്ചു പറയുന്നത്.

തദ്ദേശീയ കർഷകർ എന്ന നിലയിൽ വർഷങ്ങൾ നീണ്ട അനുഭവത്തിൽ നിന്നാണ് വയൽക്കിളിയുടെ പ്രവർത്തകർ സംസാരിക്കുന്നത്. കേരളത്തിലെമ്പാടും ഭൂഗർഭജല നിരപ്പ് വലിയ തോതിൽ താണുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് വെള്ളം പിടിച്ചുനിർത്തുന്ന വയലുകൾ നഷ്ടപ്പെടുത്തരുത് എന്ന് ഈ



കീഴാറ്റൂർ സമരപ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുന്നു

ഗ്ഗങ്ങളില്ല എന്ന് കീഴാറ്റൂരുകാർ ഉറച്ചുപറയുന്നു.

ബൈപാസിനായി ഒരു പ്രദേശം തുറക്കപ്പെട്ടു കഴിഞ്ഞാൽ ഇരുഭാഗത്തുമുള്ള സ്ഥലങ്ങൾ റിയൽ എസ്റ്റേറ്റ് മാഫിയകൾ കൈയടക്കുന്ന പതിവാണ് കേരളത്തിൽ കണ്ടുവരുന്നത്. റോഡ് വലുതാകുന്നതോടെ വരാൻ പോകുന്ന നിർമ്മാണങ്ങൾ ഷോപ്പിംഗ് മാളുകൾ പോലെയുള്ള ആഢംബരങ്ങളാണ്. തദ്ദേശീയ സമൂഹത്തിന്റെ ജീവിതഗുണനിലവാരം മെച്ചപ്പെടുന്നതരത്തിലുള്ള നിക്ഷേപങ്ങൾ ബൈപാസുകളെ കേന്ദ്രീകരിച്ച് ഒരിടത്തും ഉയരാറില്ല. സ്ഥലത്തിന്റെ വില ഉയരുകയും റിയൽഎസ്റ്റേറ്റ് കച്ചവടത്തിന് ഗുണമുണ്ടാവുകയും ചെയ്യുന്നത് ഒരു നാട് നാട്ടുകാർക്ക് അന്യമായിത്തീരുന്നതിനേക്കാൾ വലുതല്ല എന്നതും കീഴാറ്റൂരിന്റെ പാഠമാണ്.

പാരിസ്ഥിതിക ആഘാത പഠനം നടത്താതെയുള്ള ഒരു റോഡ് വികസനമാണ് കേരളത്തിൽ ഇപ്പോൾ നടക്കുന്നത്. നീരൊഴുക്ക് പരിഗണിക്കാതെ പണിത റോഡുകളെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. ചെറിയ മഴ പെയ്താൽ പോലും റോഡുകളിൽ വെള്ളം കെട്ടി നിൽക്കുന്നതും റോഡ് തകരുന്നതും ഇവിടെ പതിവ് വാർത്തയാണ്. കരാർ ഏജൻസികൾക്കും രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും റോഡ് ഇടയ്ക്കിടെ തകരുന്നതിലാണ് താത്പര്യം എന്നതിനാൽ ഇത് തുടർന്നുപോകുന്നു. റോഡുവികസനം അതുകൊണ്ടുതന്നെ അഴിമതിക്കാർക്ക് ഒരു അക്ഷയ പാത്രമാണ്. ഒരു പുതിയ വഴി വെട്ടിയാൽ പിന്നെ ഒരുപാട് കാലത്തേക്ക് അതുവഴി പണം വന്നുകൊണ്ടേയിരിക്കും. അതിനാൽ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് ചിന്തിക്കുക എന്നത് ആ നടപ്പു സംവിധാനത്തിന്റെ പ്രശ്നമേയല്ല. പൊതുധനം ധൂർത്തടിക്കുന്ന ഈ അനീതിയെ ചോദ്യം ചെയ്യാതെ റോഡ് വികസനം എന്ന ആവശ്യം അന്ധമായി സ്വീകരിക്കരുത് എന്നതും കീഴാറ്റൂർ സമരത്തിന്റെ തുടർച്ചയായി ആലോചിക്കേണ്ടതാണ്. കീഴാറ്റൂരിലൂടെ തന്നെ ബൈപാസ് പോകണമെന്ന പിടിവാശിക്ക് പിന്നിലും പലതരത്തിലുള്ള അഴിമതിയും താത്പര്യങ്ങളുമാണ് പ്രവർത്തിക്കുന്നതെന്ന് സമരക്കാർ പറയുന്നുണ്ട്.

കേരളത്തിന്റെ ഗതാഗതത്തെക്കുറിച്ചുള്ള ഒരു പുനർചിന്തയാണ് കീഴാറ്റൂർ സമരത്തിൽ നിന്നും വളരെ അടിയന്തിരമായി പൊതുസമൂഹം വികസിപ്പിച്ചെടുക്കേണ്ട ഒരു കാര്യം. വാഹനങ്ങൾ വർധിക്കുന്നതിനൊപ്പം റോഡ് വികസിച്ചുകൊണ്ടേയിരിക്കുക എന്നത് പ്രായോഗികമായി അസാധ്യവും പാരിസ്ഥിതികമായി വിനാശകരവുമാണ്. സ്വകാര്യവാഹനങ്ങളുടെ എണ്ണം കേരളത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരിധിയും കടന്ന് വളരുന്നു എന്നതാണ് മൗലികമായ പ്രശ്നം. റോഡുകൾ മിക്കതും വാഹനങ്ങൾ നിറഞ്ഞ് സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുന്നു. ഇതിനെ അഭിമുഖീകരിക്കാതെ റോഡ് വികസിപ്പിച്ചുകൊണ്ടേയിരിക്കാം എന്ന സമീപനം കേരളത്തെ വലിയ ദുരന്തങ്ങളിലേക്കാണ് എത്തിക്കാൻ പോകുന്നത്. ദൽഹി പോലെയുള്ള നഗരങ്ങൾ ഗതാഗത സ്തംഭനവും അന്തരീക്ഷമലിനീകരണവും കാരണം സ്വകാര്യ വാഹനങ്ങളുടെ കാര്യത്തിൽ നിയന്ത്രണം

**കേരളത്തിലെ വാഹനപ്പെരുപ്പം**

മോട്ടോർ വാഹന വകുപ്പിന്റെ കണക്കു പ്രകാരം 2017 മാർച്ച് 31 വരെ കേരളത്തിൽ **1,11,11,393** വാഹനങ്ങൾ.

യാത്രാ വാഹനങ്ങൾ - **15,32,105**

ചരക്കു വാഹനങ്ങൾ - **95,79, 288**

കേരളത്തിലെ ആകെ റോഡിന്റെ നീളം - **2,05,546** കിലോമീറ്റർ (2016 വരെ)

കൊണ്ടുവരുന്നതിനെക്കുറിച്ച് ഗഹനമായി ആലോചിച്ച് തുടങ്ങിയിരിക്കുന്നു. ദൽഹി മാത്രമല്ല ഇന്ത്യയിലെ എല്ലാ മെട്രോ നഗരങ്ങളും വാഹനപ്പെരുപ്പവും അതുമൂലമുള്ള അന്തരീക്ഷമലിനീകരണവും കാരണം ദുരിതമനുഭവിക്കുകയാണ്. സ്വന്തമായി വാഹനമുണ്ട് എന്നത് സൗകര്യത്തേക്കാൾ അസൗകര്യമായി മാറുന്ന സ്ഥിതി സംജാതമായിരിക്കുന്നു. അന്തരീക്ഷ മലിനീകരണം കാരണമുണ്ടാകുന്ന രോഗങ്ങൾക്ക് അടിപ്പെട്ട് ഇന്ത്യയിൽ പ്രതിവർഷം 25 ലക്ഷം പേരെങ്കിലും മരിക്കുന്നതായി ലാൻസെറ്റ് കമ്മീഷൻ 2016ൽ പുറത്തുവിട്ട പഠനത്തിൽ പറഞ്ഞിരുന്നു. അന്തരീക്ഷ മലിനീകരണത്തിന്റെ വർദ്ധനവിന് പ്രധാന കാരണം വാഹനങ്ങൾ തന്നെയാണ്. നഗരവത്കരണം അതിവേഗം കൂടിക്കൊണ്ടിരിക്കുന്ന കേരളത്തിലും വാഹനങ്ങളുടെ ആധിക്യം കാരണമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിന്റെ പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് കൃത്യമായി വിലയിരുത്താതെയാണ് റോഡ് വികസനത്തിനായുള്ള ശ്രമങ്ങൾ കേരളത്തിൽ നടക്കുന്നത്. റോഡ് വികസനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറയുന്നതിന്റെ പ്രശ്നവും രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾ പരിഗണിക്കാൻ സന്നദ്ധമാകുന്നതേയില്ല.

സംസ്ഥാനത്തെ വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി 2008ൽ അന്നത്തെ ഇടതുസർക്കാർ കൊണ്ടുവന്ന നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ദയനീയസ്ഥിതി കൂടിയാണ് കീഴാറ്റൂർ സമരം പുറത്തുകൊണ്ടുവരുന്നത്. കേരളത്തിലെ നെൽവയലുകളുടെ വിസ്തൃതി 1975-76ൽ 8.85 ലക്ഷം ഹെക്ടർ ആയിരുന്നത് 2008 ലെത്തിയപ്പോൾ 2.28 ലക്ഷം ഹെക്ടറായി ചുരുങ്ങിയ സന്ദർഭത്തിലാണ് സർക്കാർ ഇത്തരമൊരു നിയമം നിർമിക്കാൻ നിർബന്ധിതമായത്. എന്നാൽ നിയമം നടപ്പിലാക്കി ഒമ്പത് വർഷം കഴിയുമ്പോൾ 63,000 ഹെക്ടറിൽ നെൽകൃഷി ഇല്ലാതായിരിക്കുന്നതായാണ് സർക്കാർ രേഖകൾ തന്നെ വ്യക്തമാക്കുന്നത്. നെൽവയൽ നീർത്തട നിയമത്തിന്റെ അടിസ്ഥാനമായ ഡാറ്റാ ബാങ്ക് ഇതുവരെ പ്രസിദ്ധീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആറ് മാസത്തിനകം ഉപഗ്രഹഭൂപടത്തിന്റെ സഹായത്തോടെ ഡാറ്റാ ബാങ്ക് ഉണ്ടാക്കുമെന്നാണ് എൽ.ഡി.എഫിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞിരുന്നത്. ഈ സാഹചര്യം ഒരുവശത്ത് നിലനിൽക്കെയാണ് ഓർഡിനൻസ് വഴി നെൽവയൽ നീർത്തട നിയമം പിണറായി സർക്കാർ ദുർബലപ്പെടുത്തിയിരിക്കുന്നത്. പ്രാദേശികതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അധികാരങ്ങൾ ഈ ഓർഡിനൻസിലൂടെ ഇല്ലാതായിരിക്കുകയാണ്. പുതിയ ഓർഡിനൻസ് പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത പ്രദേശം പരിവർത്തന വിധേയമാക്കാം, ന്യായവിലയുടെ 50 ശതമാനം തുക അടച്ചാൽ മതി. പ്രകടനപത്രികയിൽ പറയുന്ന വിധത്തിൽ കുറ്റമറ്റ രീതിയിൽ ഉള്ള ഡാറ്റാ ബാങ്ക് നിലവിൽ വന്നിട്ടില്ല. മാത്രവുമല്ല കുറ്റമറ്റരീതിയിൽ ഡാറ്റാബാങ്ക് പുറത്തിറക്കുന്നത് സംബന്ധിച്ച് ഒരു കാര്യവും പുതിയ ഭേദഗതിയിൽ ഇല്ല. ഈ സാഹചര്യത്തിൽ നിയമപ്രകാരം തന്നെ വയലുകൾ പരിവർത്തനം നടത്താൻ അനുവാദം നൽകി എന്നതാകും സ്ഥിതി. പ്രാദേശികതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അധികാരം ഇല്ലാതായതോടെ പൊതു ആവശ്യം എന്ന പേരിൽ സർക്കാരിന് എത്രവേണമെങ്കിലും വയൽ നികത്താം എന്ന സ്ഥിതിയും സംജാതമായിരിക്കുന്നു. എന്താണ് പൊതു ആവശ്യം എന്നത് നിയമത്തിൽ എവിടെയും കൃത്യമായി നിർവചിച്ചിട്ടില്ല. പൊതു ആവശ്യം സർക്കാർ നിശ്ചയിച്ചുകഴിഞ്ഞാൽ തദ്ദേശീയർ അത് അംഗീകരിക്കേണ്ടി വരും. കീഴാറ്റൂർ പോലെയുള്ള നെൽവയൽ സംരക്ഷണ സമരങ്ങൾ ഒരുവശത്ത് നടക്കുമ്പോഴാണ് വയൽ സംരക്ഷിക്കാൻ ആകെയുള്ള ഒരു നിയമം ഈ വിധം ദുർബലമാക്കപ്പെടുന്നത്.

ഇത്തരത്തിൽ, കീഴാറ്റൂരിലെ നാല് കിലോമീറ്റർ നീളമുള്ള വയൽപ്രദേശം സംരക്ഷിക്കാനുള്ള വയൽക്കിളികളുടെ സമരം പാരിസ്ഥിതിക വിവേകത്തിന്റെയും രാഷ്ട്രീയ ജാഗ്രതയുടെയും അനേകം പാഠങ്ങളാണ് കേരള സമൂഹത്തിന് മുന്നിൽ തുറന്നുവയ്ക്കുന്നത്. അത് ശ്രദ്ധിക്കുക എന്നത് കീഴാറ്റൂരിനോട് മാത്രമല്ല തലമുറകളോട് തന്നെ പുലർത്തേണ്ട നീതിയുടെ പ്രശ്നമാണ്. ■